# പാലക്കാട്ട് നിന്ന് ഏപ്രിലിൽ നീര വിപണിയിലേക്ക്

കൊച്ചി: ഏപ്രിൽ അവസാന വാരത്തോടെ പാലക്കാട് മുതലമട ഫെഡറേഷനിൽ നിന്നും നീര വിപണിയിലിറക്കുമെന്ന് പാലക്കാട് നാളികേര ഉൽപാദക കമ്പനി അധികൃതർ വ്യക്തമാക്കി.

ആറുകോടി രൂപ മൂലധന നിക്ഷേപം പ്രതീക്ഷിക്കുന്ന, പ്രതിദിനം 10000 ലിറ്റർ നീര സംസ്കരിക്കാൻ ശേഷിയുള്ള പ്ലാന്റിന്റെ നിർമാണത്തോടുകൂടി നീരയുടെ പൂർണതോതിലുള്ള സംസ്കരണം സാധ്യമാകും. 2014 ഏപ്രിൽ ഒന്നു മുതലാണ് നീരയുൽപാദനത്തിന് ലൈസൻസ് ലഭിച്ചിട്ടുള്ളത്. നീര ചെത്താനുള്ള 1500 തെങ്ങുകൾ കണ്ടെത്തി, അതിന്റെ ലിസ്റ്റ് എക്സൈസ് വകുപ്പിലേക്ക് കൈമാറിയിട്ടുണ്ട്. വകുപ്പധികൃതർ തെങ്ങുകൾ മാർക്ക് ചെയ്യുന്നതോടുകൂടി നീരയുൽപാദനം ആരംഭിക്കും. കൂടാതെ നീര ടെക്നീഷ്യന്മാരാകാൻ താൽപര്യമുള്ള പരമ്പരാഗത തെങ്ങു ചെത്തു തൊഴിലാളികളിൽ നിന്ന് കമ്പനി അപേക്ഷ ക്ഷണിച്ചപ്രകാരം 130 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 100 പേരുടെ ആദ്യ ബാച്ചിന്റെ പരിശീലനം ഈമാസം മംഗലാപുരത്തുള്ള കർണാടക ഹോർട്ടിക്കൾച്ചർ ഡിപ്പാർട്ട്മെന്റിന്റെ നീര പ്ലാന്റിൽ സംഘടിപ്പിക്കും.